പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1541. 07/03/2018-ന് മറുപടിക്ക്

## ഭരണഭാഷ മലയാളമാക്കാത്ത ഓഫീസുകൾ

**ചോദ്യം**

ശ്രീ.എം.രാജഗോപാലൻ

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | |
|---|---|
| ഭരണഭാഷ മലയാളമാക്കിയതിനെത്തുടർന്ന് സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ അപേക്ഷകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മലയാളത്തിലാക്കാൻ നിർദ്ദേശമുണ്ടായിട്ടും ഇപ്പോഴും അപേക്ഷകളും മറ്റും മലയാളത്തിൽ തയ്യാറാക്കി നൽകാത്ത ഓഫീസുകളും സ്ഥാപനങ്ങളും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങൾക്കും അവയുടെ മേലധികാരികൾക്കുമെതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ? | ഭരണഭാഷ മലയാളമാക്കിയിട്ടും, പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകൾ നൽകുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ഇംഗ്ലീഷിലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു പരിഹാരമെന്നനിലയ്ക്ക് വിവിധ വകുപ്പുകൾ നൽകുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷാരീതിയിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭരണഭാഷാനടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായിക്കണ്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ